പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7833

15.07.2014 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിനെ അഴിമതിരഹിതമാക്കാൻ നടപടി

ചോദ്യം
ശ്രീ.പി.തിലോത്തമൻ:

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിനു കീഴിലുള്ള ഓഫീസുകളിൽ ഇടനിലക്കാർ വ്യാപകമായി കടന്നു വരുന്നത് ഒഴിവാക്കുവാനും ജനങ്ങൾക്ക് ഓഫീസുകളിൽ നിന്നും നേരിട്ട് ലഭിക്കാവുന്ന സേവനങ്ങൾ ഇടനിലക്കാരിലൂടെ മാത്രമേ ലഭിക്കൂ എന്ന സാഹചര്യം അവസാനിപ്പിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് വേണ്ടി കർശനമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് ഓഫീസുകളിൽ നിന്നും നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പിലാക്കുകയുണ്ടായി. അതുപോലെ തന്നെ സർക്കാരിലേയ്ക്ക് ഒടുക്കേണ്ട ഫീസുകളും പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതികളും ഇ-പേയ്മെന്റ് സംവിധാനം വഴി ഒടുക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ബി) | ആർ.ടി.ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടത്തുന്നതിലൂടെ മാത്രം ഇടനിലക്കാരുടെ കടന്നു കയറ്റവും കൈക്കൂലിയും അഴിമതിയും മോട്ടോർ വാഹന വകുപ്പിൽ നിന്നും ഒഴിവാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഇല്ല . |
| (സി) | ജനങ്ങൾക്ക് താമസം കൂടാതെ സേവനം നേരിട്ട് ലഭിക്കുന്നതിനും കൈക്കൂലി ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ; | (സി) | മോട്ടോർ വാഹന വകുപ്പിൽ നിന്നും നൽകുന്ന എല്ലാ സേവനങ്ങളും 2007-ൽ ആരംഭിച്ച ഫാസ്റ്റ് പ്രോജക്റ്റ് പ്രകാരം കമ്പ്യൂട്ടർവൽക്കരിക്കുകയുണ്ടായി. ഇതു പ്രകാരം രജിസ്ട്രേഷൻ, ലൈസൻസ്, പെർമിറ്റ് തുടങ്ങിയ എല്ലാ സേവനങ്ങളും കമ്പ്യൂട്ടർ മുഖാന്തിരമാണ് നൽകുന്നത്. നിലവിൽ വകുപ്പിലെ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ നൽകുന്നത് നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്റർ, സ്മാർട്ട് മൂവ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ക്ലൈന്റ് സെർവർ ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ച ഈ സോഫ്റ്റ് വെയർ വെബ് ബേസ്ഡ് ടെക്നോളജിയിൽ പുനർ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്റർ ആണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിലൂടെ കൂടുതൽ കാര്യക്ഷമമായി സേവനങ്ങൾ നൽകാൻ വകുപ്പിനു കഴിയുന്നതാണ്.<br>കൂടാതെ സംസ്ഥാനത്തെ മുഴുവൻ റീജിയണൽ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 4 പ്രധാന ചെക്ക് പോസ്റ്റുകളിലും ക്യാമറ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഈ സംവിധാനം ഉപയോഗിച്ച് ഒരു ഓഫീസിലെ മുഴുവൻ പ്രവർത്തനങ്ങളും ഓഫീസ് മേധാവിക്കു തന്നെ കാണാൻ കഴിയുന്നു. ഇതുമൂലം ഓഫീസിൽ വരുന്ന എല്ലാപേരേയും നിരീക്ഷിക്കുന്നതിനും ഓഫീസ് മേധാവിക്ക് കഴിയുന്നു. കൂടാതെ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് ഓരോ ഓഫീസിലെയും പ്രവർത്തനങ്ങൾ തന്റെ ഓഫീസ്സിൽ ഇരുന്നു തന്നെ അപ്പപ്പോൾ പരിശോധിക്കാൻ കഴിയുന്നു. ഇതുമൂലം സ്ഥിരമായി ഓഫീസിൽ വരുന്നവരെ നിരീക്ഷിക്കുവാൻ കഴിയുന്നു.<br>കൂടാതെ 19 സേവനങ്ങൾക്ക് ഇ-പേയ്മെന്റ് വഴി പണമടക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ വാഹനങ്ങളുടെ നികുതിയും അടയ്ക്കാവുന്നതാണ്.<br>എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും വേഗത്തിൽ സേവനങ്ങൾ നൽകാനായി ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾ പ്രവർത്തിക്കുന്നുമുണ്ട്. സേവനാവകാശ നിയമവും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ആർ.ടി.ഓഫീസുകളുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും വിജിലൻസിന് റിപ്പോർട്ടു ചെയ്യുവാനും അടിയന്തരമായ നടപടികളിലൂടെ വകുപ്പിനെ അഴിമതി വിമുക്തമാക്കുവാനും ടോൾഫ്രീ നമ്പർ സംവിധാനവും വെബ്സൈറ്റും ആരംഭിക്കുമോ? | (ഡി) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും അറിയിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. ഇത് കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള നടപടി എടുത്തു വരുന്നു. വകുപ്പിൽ ഇന്റേണൽ ഡിപ്പാർട്ട്മെന്റ് വിജിലൻസും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ